പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2500

05. 11. 2019 ൽ മറുപടിക്ക്

## റാപ്പിഡ് റെസ്പോൺസ് ടീം

ചോദ്യം

ശ്രീ.പി.വി.അൻവർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നിലമ്പൂർ കെ.എസ്.ഇ.ബി ഡിവിഷന് കീഴിൽ റാപ്പിഡ് ആക്ഷൻ ടീം രൂപീകരിച്ചിട്ടുണ്ടോ; | (എ) കാലവർഷക്കെടുതിയിലുണ്ടാകുന്ന വൈദ്യുതി തടസ്സം താമസംവിനാ പരിഹരിക്കുക എന്ന ഉദ്ദേശലക്ഷ്യം മുൻനിർത്തി, 25/05/2019 ലെ ബോർഡ് ഉത്തരവ് പ്രകാരം വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനും, വൈദ്യുതി പുനഃസ്ഥാപനത്തിൽ മുൻപരിചയവും സ്ഥലത്തെ വൈദ്യുതി വിതരണ ലൈനുകളെക്കുറിച്ച് ധാരണയുമുള്ള 30-ൽ കുറയാത്ത ജീവനക്കാരുടെ ഒരു റാപ്പിഡ് ആക്ഷൻ ടീം രൂപീകരിക്കാനുള്ള നിർദ്ദേശം എല്ലാ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും നൽകുകയും നിലമ്പൂർ സർക്കിൾതലത്തിൽ ഇതു രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) 2019-ലെ പ്രളയത്തിൽ തകരാറിലായ വൈദ്യുതി വിതരണം പുന:സ്ഥാപിക്കുന്നതിന് പ്രസ്തുത ടീമിന്റെ സേവനം ലഭ്യമായിരുന്നോ; | (ബി) 2019 ലെ പ്രളയത്തിൽ തകരാറിലായ വൈദ്യുതി വിതരണ സംവിധാനം പുനഃസ്ഥാപിക്കുന്നതിനു പ്രത്യേക ടീമിന്റെ സേവനം ലഭ്യമായിരുന്നു. ഇതോടൊപ്പം മറ്റു സർക്കിളുകളിൽ നിന്നുമുള്ള ജീവനക്കാരുടെ സേവനവും ഉപയോഗിച്ചിരുന്നു. |
| (സി) മലയോര പ്രദേശമായതിനാലും പ്രകൃതി ദുരന്ത സാധ്യത നിലനിൽക്കുന്നതുമായ പ്രദേശമായതിനാലും ഇലക്ട്രിക്കൽ സർക്കിളുകൾക്ക് പുറമെ നിലമ്പൂർ ഡിവിഷനു കീഴിൽ റാപ്പിഡ് റെസ്പോൺസ് ടീം കൂടി രൂപീകരിക്കുമോ? | (സി) സർക്കിൾതല റാപ്പിഡ് ആക്ഷൻ ടീം നിലവിലുള്ളതിനാലും അവശ്യ സന്ദർഭങ്ങളിൽ മറ്റു സർക്കിളുകളിൽ നിന്നും ജീവനക്കാരെ ലഭ്യമാക്കാൻ കഴിയുമെന്നതിനാലും ഡിവിഷൻതല റാപ്പിഡ് ആക്ഷൻ ടീം പ്രത്യേകമായി രൂപീകരിക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ